## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3089 | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**നഗരസഭാ റോഡുകൾ കുഴിക്കുന്നതിനും പൂർവ്വ സ്ഥിതിയിലാക്കുന്നതിനും പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വാട്ടർ കണക്ഷൻ എടുക്കുമ്പോഴും ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ ലൈൻ റിപ്പയർ ചെയ്യുമ്പോഴും നഗരസഭാ റോഡുകൾ കുഴിക്കുന്നതിനും തിരികെ പഴയനിലയിലാക്കുന്നതിനും പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ; . | (എ) | താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകുന്നത്.<br>1. റോഡ് കട്ട് ചെയ്യുമ്പോൾ അസ്സാൽട്ട് കട്ട് ഉപയോഗിച്ച് ഒരടി ആഴത്തിൽ കുഴിക്കേണ്ടതാണ്.<br>2. യാത്രാബുദ്ധിമുട്ടും അപകട സാദ്ധ്യതയും ഉണ്ടാകാത്ത രീതിയിൽ ടി കട്ടിംഗിന്റെ റീ-ഫില്ലിംഗ് ഉടനടി ചെയ്യേണ്ടതാണ്.<br>3. റോഡ് വെട്ടിമുറിച്ച കഴിഞ്ഞാൽ പ്രസ്തുത ഭാഗം ഉടനടി മണ്ണ് നിറച്ച് കുഴിമൂടി റോഡ് പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്.<br>4. ഈ ജോലി മൂലം യാത്രക്കാർക്കോ, പൊതുജനങ്ങൾക്കോ, വാഹനങ്ങൾക്കോ, ജോലിക്കാർക്കോ എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിന് അപേക്ഷകൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതും, നഗരസഭയ്ക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല<br>5. ഏതെങ്കിലും സാഹചര്യത്തിൽ രാത്രികാലങ്ങളിലാണ് ഈ റോഡ് വെട്ടിമുറിക്കേണ്ടി വരുന്നതെങ്കിൽ ആവശ്യമായ അപായസൂചനകൾ പൊതുജനങ്ങൾക്കും, വാഹനങ്ങൾക്കും കാണത്തക്ക രീതിയിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.<br>6. കാരണങ്ങൾ ഒന്നും കാണിക്കാതെ തന്നെ ഈ ഉത്തരവ് ഏത് സമയത്തും റദ്ദ് ചെയ്യുന്നതിന് നഗരസഭയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.<br>7. ഏതെങ്കിലും കാരണവശാൽ ഇതിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധിയ്ക്കുള്ളിൽ ജോലി പൂർത്തിയാക്കുവാൻ സാധിക്കാത്തപക്ഷം അധിക ഫീസ് ഒടുക്കി കാലാവധി നീട്ടിവാങ്ങേണ്ടതാണ്.<br>8. ടാർ കട്ട് ചെയ്യുന്ന ഭാഗം സ്വന്തമായി/ താൽക്കാലികമായി കോൺക്രീറ്റ് ചെയ്ത് പുനഃസ്ഥാപിക്കേണ്ടതാണ്.<br>9. റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ഉപയോഗിക്കുന്ന കോൺക്രീറ്റ് മിശ്രിതം 1:2:4 എന്ന അനുപാതത്തിൽ ആയിരിക്കേണ്ടതാണ്. കുഴി |

| | | | |
|---|---|---|---|
| | | | മൂടുന്നതിനുള്ള കോൺക്രീറ്റിന്റെ കനം ഏറ്റവും കുറഞ്ഞത് 15 സെന്റിമീറ്റർ എങ്കിലും ആയിരിക്കണം. |
| (ബി) | റോഡ് കുഴിക്കുന്നതും തിരികെ പഴയനിലയിലാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ആരാണ് ചെയ്യേണ്ടത്; ഇതിന്റെ ചെലവ് എപ്രകാരമാണ് ഉപഭോക്താവിൽ നിന്നും ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ സൂപ്പർവിഷനിൽ വാട്ടർ കണക്ഷൻ എടുക്കുന്ന ആളും ലൈസൻസ് ഉള്ള പ്ലംബറും ചേർന്നാണ് ടി പ്രവൃത്തികൾ ചെയ്യുന്നത്. താൽക്കാലികമായി കോൺക്രീറ്റ് ചെയ്ത് പുനഃസ്ഥാപിച്ച നഗരസഭ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് താഴെപ്പറയും പ്രകാരമുള്ള ചാർജ്ജ് നഗരസഭ ഈടാക്കിവരുന്നു.<br>1. Road Berm Cutting - 534.40/m2<br>2. Water Bond Mecada portion - 1032.40/m2<br>3. Bituminous Portion - 1660.50/m2<br>4. Concrete Road - 1712.40/m2 |
| (സി) | തിരുവനന്തപുരം നഗരസഭ ഉള്ളൂർ സോണലിലെ ഇടവക്കാട് വാർഡിൽ പൈപ്പ് കണക്ഷനും ലൈൻ റിപ്പയറിംഗും സംബന്ധിച്ച് ഫയൽ നം. UE1/3003/2017-ൽ കോർപ്പറേഷൻ നോട്ടീസ് നൽകിയതിനു ശേഷമുണ്ടായ തുടർനടപടികൾ അറിയിക്കുമോ; ഇവിടെയുണ്ടായിട്ടുള്ള കുഴികൾ കോർപ്പറേഷൻ അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോ; | (സി) | UE1/3003/17 പ്രകാരം നൽകിയ നോട്ടീസിന് മറുപടിയായി ടി കക്ഷി യാതൊരു ആവശ്യത്തിനും റോഡ് പൊട്ടിപ്പൊളിച്ചിട്ടില്ലെന്നും, പൈപ്പ് ലൈൻ ചോർച്ച പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി റണ്ണിംഗ് കോൺട്രാക്ടർ ആണ് പണി നടത്തിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുള്ളതും, ആയതു പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ശരിയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ടി റോഡിൽ പ്രവൃത്തികൾ നടത്തുന്നതിന് നിലവിൽ പ്രോജക്ടുകൾ ഒന്നും വച്ചിട്ടില്ലാത്തതാണ്. |
| (ഡി) | ഇക്കാര്യം സംബന്ധിച്ച് ബഹു. മന്ത്രിക്ക് നൽകിയ E-1637656/17 നമ്പർ പെറ്റീഷനിലും ബഹു. നഗരസഭാ മേയർക്ക് നൽകിയ പരാതിയിലും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | ബഹു. മന്ത്രിയ്ക്കും, ബഹു. മേയർക്കും നൽകിയ പരാതി 11/08/2017-ൽ തിരുവനന്തപുരം നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. ആയത് നഗരസഭയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ